287. ഹൈക്കലാ ശുദ്ധീകരണം എങ്ങനെ?

ആദ്യമായി ത്രോണോസിനു കിഴക്കുവശം മൂറോൻകൊണ്ട് മൂന്നു കുരിശുകൾ വരയ്ക്കുന്നു. പിന്നീട് വടക്കേ ഭിത്തിയരികിൽ കൂടെ ഘോഷയാത്രയായി വന്ന് വാതിലുകളിലും ജനലുകളിലും മൂറോൻ കൊണ്ട് കുരിശടയാളം വരച്ച് തെക്കുവശം വഴിവന്ന് മദ്ബഹായിൽ പ്രവേശിക്കുന്നു.

288. പള്ളിയുടെ താത്ക്കാലിക ശുശ്രൂഷ നടത്തുന്നത് ഏത് സന്ദർഭത്തിൽ?

പള്ളിയായി സ്ഥിരമായി ഉദ്ദേശിച്ചിട്ടില്ലാത്ത കെട്ടിടങ്ങൾ വി. കുർബാന ചൊല്ലുവാൻ ഉദ്ദേശിക്കുന്നു എങ്കിൽ മാത്രമെ താൽക്കാലിക കൂദാശ നടത്തുകയുള്ളു. ഇതിന് മൂറോൻ ഉപയോഗിക്കുന്നില്ല.

289. താൽക്കാലിക കൂദാശ നടത്തുന്നതാര്?

മേൽപ്പട്ടക്കാരോ, അനുവാദമുള്ള പട്ടക്കാരോ,

290. മററു കെട്ടിടങ്ങളിൽ നിന്ന് പള്ളിക്ക് മഹത്വമുണ്ടെന്ന് പറയുന്നതെന്തുകൊണ്ട്?

പള്ളിയുടെ മഹത്വം അത് പരിശുദ്ധറൂഹായാൽ അഭിഷേകം ചെയ്യപ്പെട്ടതും, ദൈവപുത്രൻെറ സാന്നിദ്ധ്യം ഉണ്ടെന്നുള്ളതും, ബലിയർപ്പണവും ബലിപീഠവും അതിൽ ഉണ്ടെന്നുള്ളതുമാണ് പള്ളി സഭയുടെ പ്രതീകവും സ്വർഗ്ഗത്തിൻെറ ഛായയും ആണ്. മദ്ബഹായുടെ മണവാട്ടിയാകുന്ന സഭയുടെ പ്രതീകവുമാണ്.

291. മദ്ബഹായെ സ്വർഗ്ഗത്തോട് താരതമ്യപ്പെടുത്തുന്നതെന്തുകൊണ്ട്?

ബലിപീഠത്തിൻമേൽ അപ്പവീഞ്ഞുകളുടെ രൂപത്തിൽ ദൈവപുത്രൻ സന്നിഹിതനാവുകയും അദൃശ്യസഭയിലെ മാലാഖമാരുടെയും വിശുദ്ധൻമാരുടെയും സമൂഹങ്ങൾ സമ്മേളിക്കുകയും ചെയ്യുന്നതുകൊണ്ട് താബോർ മലയിൽ എന്നപ്രകാരം സ്വർഗ്ഗത്തിൻെറ അവതരണം സംഭവിക്കുന്നതിനാൽ മദ്ബഹായെ നാം സ്വർഗ്ഗവുമായി സാദൃശ്യപ്പെടുത്തുന്നു.

292. സ്വർഗ്ഗം, പറുദീസാ, ഭൂമി എന്നിവ പള്ളിയുമായി താരതമ്യപ്പെടുത്തുന്നതെങ്ങനെ?

മദ്ബഹാ സ്വർഗ്ഗത്തെയും അഴിക്കകം പറുദീസയെയും ഹൈക്കലാ ഭൂമിയെയും പ്രതിനിധീകരിക്കുന്നു.

## പള്ളി ഉപകരണങ്ങൾ

293. മദ്ബഹായിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ?

1. ത്രോണോസ് 2. വിരിക്കൂട്ടം
3. തബ്ലൈത്താ 4. ദർഗാ
5. കാസാപീലാസകം 6. മെഴുകുതിരികൾ



7. ഏവൻഗേലിമേശ 8. സിംഹാസനം (എപ്പിസ്ക്കോപ്പായുടെ)
9. മശ്ക്കൻ സബ്ബിനോ 10. ധൂപക്കുററി
11. തിരശീല 12. മണി
13. മറുവഹസാകം 14. ചിത്തോൽ

294. ത്രോണോസ് എന്ന വാക്കിൻെറ അർത്ഥം ?

സിംഹാസനം. ബലിപീഠത്തിനെയാണ് ത്രോണോസ് എന്നു വിളിക്കുന്നത്.

295. ത്രോണോസ് എന്തിൻെറ പ്രതീകമാണ് ?

ത്രോണോസ് ഗോഗുൽത്തായുടേയും കർത്താവിൻെറ കബറിൻേറയും പ്രതീകമാണ്.

296. ത്രോണോസിനുള്ള വിവിധ പേരുകൾ ?

ബലിപീഠം, ജീവൻെറ മേശ, കബർ, പുൽക്കൂട് ഇസ്രായേൽ, കാൽവറി.

297. കാസാസെററിലെ ഘടകങ്ങൾ ?

കാസാ, പീലാസാ, വെള്ളമെടുക്കുവാൻ പാത്രം, സ്പൂൺ, കൗക്കുബോ.

298. വിരിക്കൂട്ടത്തിലെ ഘടകങ്ങൾ

വിരി, ശോശപ്പാ, കബലാനകൾ, തലയിണ (ഗ്മുർത്തോ) സ്പഞ്ച് (തുണിക്കഷണം)

299. ത്രോണോസിൻമേൽ എത്ര മെഴുകുതിരികൾ, വയ്ക്കുന്നു?

പതിമൂന്നോ, ഏഴോ, ആറോ, അഞ്ചോ, നാലോ ഏററവും കുറഞ്ഞാൽ രണ്ടോ ആകാം.

300. ചിത്തോൽ എന്നാൽ എന്ത്?

ത്രോണോസിൻമേൽ വിരിക്കുന്ന മേൽത്തരം അലങ്കാരത്തുണിയാണ് ചിത്തോൽ. കർത്താവിനെ കബറടക്കിയപ്പോൾ ചുററിപ്പൊതിഞ്ഞ കേത്താനാശീലയുടെ പ്രതീകം കൂടിയാണിത്.

301. ബലിയർപ്പണ സമയത്ത് കാസാപീലാസാകം വയ്ക്കുന്നതെവിടെ?

തബ്ലൈത്താമേൽ വിരിക്കൂട്ട് ഇട്ടിട്ട് അതിൽമേൽ കാസാപീലാസകം ക്രമപ്പെടുത്തുന്നു.

302. വിരിക്കൂട്ടം എന്നാലെന്ത്?

രണ്ടര അടിയോ, മൂന്നടിയോ നീളം വീതിയുള്ളതും മൂന്നു നിറമുള്ള പട്ടിനാൽ കൂട്ടിച്ചേർക്കപ്പെട്ടതും തബ്ലൈത്താമേൽ ഇടുന്നതുമായ വിരിയാണ് വിരിക്കൂട്ടം.

303. Movable altar എന്നറിയപ്പെടുന്ന ഉപകരണം ഏത്?

തബ്ലൈത്താ

304. തബ്‌ലൈത്താ Movable altar എന്ന പേരിൽ അറിയപ്പെടുന്നതിന്റെ കാരണം എന്ത് ?

പള്ളിയോ, ത്രോണോസോ ഇല്ലാത്ത സ്ഥലത്തും തബ്‌ലൈത്താ വച്ച് വി. കുർബാന അർപ്പിക്കാം. അതിനാൽ ഇത് Movable altar എന്ന പേരിൽ അറിയപ്പെടുന്നു

305 തബ്‌ലൈത്തായുടെ അടിയിൽ അത് ആരാൽ, എന്ന്, കൂദാശ ചെയ്യപ്പെട്ടു എന്ന് എഴുതിയിരിക്കണം എന്നു പറയുവാൻ കാരണം എന്ത് ?

തബ്‌ലൈത്തായുടെ പുറകിൽ അങ്ങനെ എഴുതി വയ്ക്കാത്ത പക്ഷം പിൽക്കാലത്ത് അത് കൂദാശ ചെയ്തതാണോ അല്ലയോ എന്നു നിശ്ചയമില്ലാതെ വരികയോ, സംശയിക്കുകയോ ചെയ്യാം. ഒരിക്കൽ കൂദാശ ചെയ്ത തബ്‌ലൈത്താ പിന്നീട് കൂദാശ ചെയ്യുവാൻ ഇടവരരുത്.

306. വിശ്വാസ വിപരീതികളായ മേല്പട്ടക്കാർ കൂദാശ ചെയ്ത തബ്‌ലൈത്താ എന്തു ചെയ്യണം. ?

അത് കുർബാനയ്ക്ക് ഉപയോഗിച്ചുകൂടാ. പള്ളിയുടെ ഭിത്തിയോട് ചേർത്ത് കുഴിച്ചിടാം.

307. ത്രോണോസുംതബ്‌ലൈത്തായും എന്തിനെ പ്രതിനിധീകരിക്കുന്നു?

ത്രോണോസും തബ്‌ലൈത്തായും സ്ലീബായെ പ്രതിനിധീകരിക്കുന്നു. കാരണം കർത്താവിന്റെ തിരുശരീര രക്തങ്ങൾ അവയിൽ വെച്ചിരിക്കുന്നു. ഇവ രണ്ടും കർത്താവിന്റെ കബറിനേയും പ്രതിനിധികരിക്കുന്നുണ്ട്. കാരണം അപ്പവീഞ്ഞുകൾ രൂപാന്തരപ്പെടുന്നത് കബറിന് (പുനരുത്ഥാനത്തിൽ) കർത്താവിനുണ്ടായ രൂപാന്തരത്തെ അനുസ്മരിപ്പിക്കുന്നു

308. തബ്‌ലൈത്താ ഉപയോഗിക്കേണ്ടിവരുന്ന സന്ദർഭങ്ങൾ ഏവ ?

വി. കുർബാന, മൂറോൻ കൂദാശ, സൈത്തു കൂദാശ

309. ഒരു പട്ടക്കാരന്, ഒരു ത്രോണോസിൽ ഒരു ദിവസം എത്ര ബലിയർപ്പിക്കാം ?

ഒരു പട്ടക്കാരൻ, ഒരു ത്രോണോസിൽ ഒരു ദിവസം ഒരിക്കൽമാത്രം ബലിയർപ്പിക്കാൻ അനുവദിക്കപ്പെട്ടിരിക്കുന്നു.

310. ദർഗ്ഗായിൽ, കയറുന്നതെപ്പോൾ?

കുർബാന, പട്ടംകൊട മുതലായ ശുശ്രൂഷകളുടെ പ്രധാന ഭാഗങ്ങൾ നടത്തുമ്പോൾ ദർഗ്ഗായിൽ കയറുന്നു.

311. ദർഗ്ഗാമേൽ കയറിനിൽക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥാനികൾ ആരെല്ലാം ?

പൂർണ്ണ ശെമ്മാശൻമാർ മുതൽ മുകളിലേയ്ക്കുള്ള സ്ഥാനികൾ ദർഗ്ഗായിൽ കയറുവാൻ അനുവാദം ഉള്ളവരാണ്. മററാർക്കും ദർഗ്ഗായിൽ ചവിട്ടുവാൻ അനുവാദമില്ല. അധികാരവുമില്ല.

312. കുർബാനയ്ക്ക് ഉപയോഗിക്കുന്ന പൂജാപാത്രങ്ങൾ ?

കാസായും, പീലാസായും



313. ഏവൻഗേലിയോൻ എവിടെ ഇടുന്നു?

മദ്ബഹായിൽ വടക്കു ഭാഗത്ത്. സൗകര്യത്തെ കരുതി തെക്കു ഭാഗത്തിടുന്നു.

314. പള്ളിയിൽ സിംഹാസനം വയ്ക്കുന്നതെന്തിന്?

എപ്പിസ്ക്കോപ്പ ഇല്ലാതെ സഭയോ പള്ളിയോ ഇല്ല. പട്ടക്കാർ അദ്ദേഹത്തിന്റെ പ്രതിനിധികളാണ്. അതുകൊണ്ട് എപ്പിസ്ക്കോപ്പ സന്നിഹിതനല്ലെങ്കിൽ തന്നെയും അദ്ദേഹത്തിന്റെ സിംഹാസനം പള്ളിയിൽ ഉണ്ടായിരിക്കണം.

315. സിംഹാസനം വയ്ക്കുന്നതെവിടെ?

മദ്ബഹായിൽ വടക്കുഭാഗത്ത്.

316. മശ്ക്കൻസബിനോ എന്നാൽ എന്ത്?

വി. കുർബാന സൂക്ഷിച്ചുവയ്ക്കുന്നതിനുവേണ്ടി ബലിപീഠത്തിൽ വയ്ക്കുന്ന പേടകം.

317. മശ്ക്കൻസബിനോയ്ക്കുള്ളിൽ എന്തെല്ലാം വയ്ക്കാം?

വി. കുർബാന, സൈത്ത്

318. വി. കുർബാന പള്ളികളിൽ സൂക്ഷിച്ചുവയ്ക്കണമെങ്കിൽ എന്തെല്ലാം കരുതണം?

മശ്ക്കൻസബിനോയ്ക്കുള്ളിൽ വേണം വയ്ക്കുവാൻ. കെടാവിളക്കും പള്ളിയിൽ വേണ്ടതാണ്.

319. ധൂപക്കുററിയുടെ പുറമേയുള്ള ഘടന എങ്ങനെ?

രണ്ടു തട്ടുകളും, നാലു ചങ്ങലകളും, പന്ത്രണ്ട് മണികളും ഇവയെല്ലാം ബന്ധിപ്പിക്കുന്ന കൊളുത്തും ഉണ്ട്. ഓരോചങ്ങലയിലും 72 കണ്ണികളും ആവശ്യമുണ്ട്.

320. ധൂപക്കുററിയിലെ തട്ടുകൾ, അഗ്നി, ചങ്ങലകൾ, മണികൾ ഇവ എന്തിനെ സൂചിപ്പിക്കുന്നു?

അഗ്നി പരിശുദ്ധനായ ദൈവത്തേയും ധൂപക്കുററി പൊതുവെ സഭയേയും കുറിക്കുന്നു (കന്യകമറിയമിനേയും). തട്ടുകൾ ഭൂസ്വർഗ്ഗങ്ങളേയും, കരി പാപികളായ മനുഷ്യരേയും, കുന്തിരിക്കം സൽപ്രവൃത്തികളേയും ഒരു ചങ്ങല പിതാവിനെയും, രണ്ടെണ്ണം പുത്രനെയും,, നാലാമത്തെ ചങ്ങല വി. റൂഹായേയും, മണികൾ പന്ത്രണ്ട് ശ്ലീഹൻമാരെയും സൂചിപ്പിക്കുന്നു.

321. പ്രാർത്ഥനകൾക്കിടയിൽ ധൂപക്കുററി ഉപയോഗിക്കുന്നതിന്റെ ആന്തരികാർത്ഥം എന്ത്?

കരി അഗ്നിമൂലം ജ്വലിക്കുന്നതുപോലെ പാപികളായ നാം

പരിശുദ്ധാത്മ വ്യാപാരത്താൽ ദൈവത്തിനു ഹിതകരമായ പ്രാർത്ഥനകൾ സുഗന്ധധൂപം പോലെ അർപ്പിക്കുന്നു.

322. പഴയ നിയമത്തിൽ ധൂപാർപ്പണം നടത്തിയതായി നാം വായിക്കുന്ന ഒരു ഭാഗം?

അഹറോൻ ധൂപാർപ്പണം ചെയ്ത് യഹോവയെ പ്രീതിപ്പെടുത്തി ജനത്തെ വസന്തയിൽ നിന്നു രക്ഷിച്ചു.

322. തിരശ്ശീല ഇടുന്ന പാരമ്പര്യം ഏങ്ങനെയുണ്ടായി?

യഹൂദൻമാർ അതിവിശുദ്ധ സ്ഥലത്തെ പ്രാകാരത്തിൽ നിന്നു വേർ തിരിക്കാൻ തിരശ്ശീല ഉപയോഗിച്ചിരുന്നു. അതുപോലെ തന്നെ മദ്ബഹായെ മററു ഭാഗങ്ങളിൽ നിന്നും വേർതിരിക്കാൻ തിരശ്ശീല ഉപയോഗിക്കുന്നു.

324. മണിയടി എന്തിനുവേണ്ടി?

പിശാചിനോട് പോരാടാൻ പ്രാർത്ഥനയ്ക്കായി വിശ്വാസികളെ വിളിക്കുന്നതിനാണ് മണിമുഴക്കുന്നത്.

325. മദ്ബഹായേക്കുറിച്ചുള്ള വ്യാഖ്യാനം?

1. ശലോമോൻെറ ദേവാലയത്തിലെ മഹാവിശുദ്ധ സ്ഥലം
2. ഗോഗുൽത്താമല
3. സീനായ്മല
4. പറുദീസാ
5. സ്വർഗ്ഗസ്ഥലം

326. പ്രസംഗപീഠത്തെ ഏത് മലയോട് ബാർ എബ്രായ താരതമ്യപ്പെടുത്തുന്നു?

സീനായ്മല

327. ധൂപത്തെപ്പററിയുള്ള വ്യാഖ്യാനം ?

1. നമ്മുടെ പ്രാർത്ഥനകൾ അഗ്നിയിൽ എന്ന പ്രകാരം പരിശോധനചെയ്യപ്പെടും.
2. നമ്മുടെ പ്രാർത്ഥനകൾ തെരഞ്ഞെടുക്കപ്പെട്ട ധൂപം പോലെ ആയിരിക്കണം.
3. ധൂപ കലശത്തിലെ സുഗന്ധമോറ് ദൈവം പ്രസാദിക്കുന്നതു പോലെ നമ്മുടെ പ്രാർത്ഥനകളിൽ പ്രസാദിക്കണം.
4. ധൂപകലശത്തിലെ പുക മേലോട്ടുയരുന്നതുപോലെ നമ്മുടെ പ്രാർത്ഥനയും ദൈവസന്നിധിയിലേക്കുയരണം.

328. ആരാധനയിൽ കിഴക്കിനുള്ള സ്ഥാനം എന്ത് ?

മദ്ബഹാ കിഴക്കുവരത്തക്കവണ്ണം പള്ളി പണിയിക്കുന്നു. കിഴക്കോട്ടുതിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്നതിനാണ് ഇപ്രകാരം ക്രമീകരിച്ചിരിക്കുന്നത്. ഉദയസൂര്യൻെറ ദിക്കാണ് കിഴക്ക്. ക്രിസ്തു നീതി സൂര്യനാണ്. അങ്ങനെ കിഴക്ക് ക്രിസ്തുവിൻെറ ദിക്കായി. കർത്താവ് രണ്ടാമതു വരുന്നത് കിഴക്കു നിന്നാണ്. (മത്താ; 24:27) പറുദീസാ കിഴക്കാണെന്നാണ് സങ്കല്പം. സഭാപിതാക്കൻമാരുടെ സങ്കൽപപ്രകാരം ആദ്യം സൃഷ്ടിക്കപ്പെട്ട പ്രകാശം കിഴക്കിലൂടെയാണ്.



329. പള്ളിയുടെ പടിഞ്ഞാറുവശത്തെ മൂന്നു വാതിലുകൾ എന്തിനെ സൂചിപ്പിക്കുന്നു ?

വി. ത്രിത്വത്തെ

330. പള്ളിയിൽ ആരാധനയ്ക്കായി അടിക്കുന്ന മണിയുടെ വ്യാഖ്യാനം എന്ത് ?

1. മണിനാദം കേൾക്കുമ്പോൾ കർത്താവിൻെറ മരത്തിൻമേലുള്ള മരണത്തെ ഓർമ്മിപ്പിക്കുന്നു.
2. പിശാചിനോടുള്ള പോരാട്ടത്തിനായി വിശ്വാസികളെ വിളിച്ചുകൂട്ടുന്നു.
3. ജയശാലികൾക്കുള്ള സമ്മാനത്തിനായി ക്ഷണിക്കുന്നതു പോലെ അനുതപിച്ച് വിശ്വാസംവഴിയായി ലോകത്തെയും പിശാചിനേയും ജഡത്തേയും ജയിക്കുന്നവർക്ക് പാപമോചനം, നിത്യ ജീവൻ എന്നീ നൽവരങ്ങളെ കൊടുപ്പാൻ ക്ഷണിക്കുന്നു.

331. മണിയടി എന്തിനെ സൂചിപ്പിക്കുന്നു ?

മണിയടി പ്രാർത്ഥനാ സമയത്തെ സൂചിപ്പിക്കുന്നു. അനുതപിച്ച് സത്യവിശ്വാസം വഴി പാപത്തെയും, ലോകത്തെയും, സാത്താനെയും ജയിക്കുന്നവർക്ക് പാപമോചനം, നിത്യ ജീവൻ എന്നീ സമ്മാനങ്ങൾ സന്നദ്ധമായിരിക്കുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു.

332. പഴയകാലത്ത് മരമണി ഉപയോഗിച്ചിരുന്നു. എന്തുകൊണ്ട് ?

മരം മൂലമുണ്ടായ പാപത്തെയും, മരം മൂലമുണ്ടായ രക്ഷയെയും അനുസ്മരിക്കാനാണ് മരമണി ഉപയോഗിച്ചിരുന്നത്.

333. മറുവഹസാകൾ എന്ത് ?

മാലാഖമാരുടെ ചിത്രങ്ങൾ കൊത്തിയിട്ടുള്ള ഒരു വാദ്യോപകരണം

334. മറുവഹസാഹകൾ എന്തിനെ കുറിക്കുന്നു ?

വി. കുർബാനയിലും ശുശ്രൂഷകളിലും മാലാഖമാരുടെ ആത്മീയ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു.

335. യഹൂദ സിനഗോഗിൽ വിശുദ്ധ സ്ഥലത്തോട് താരതമ്യപ്പെടുത്താവുന്ന ദേവാലയ ഭാഗം ?

അഴിക്കകം

336. അഴിക്കകത്ത് എന്തെല്ലാം വേണം?

അഴിക്കകത്ത് തെക്കും വടക്കുമായി ചെറിയ ത്രോണോസുകൾ

പണിയാം രണ്ടു മേശകൾ ഉണ്ടായിരിക്കണം.

337. പള്ളിയിലേക്ക് പ്രവേശിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ?

''ബഹുമതിപൂർവ്വം, ഞാൻ നിന്റെ ഭവനത്തിലേക്ക് വന്ന് എന്റെ നേർച്ച കാഴ്ചകളെ നിനക്കുകഴിക്കും.''

338. ദിയാക്കോനിയോൻ (Vestry) എന്നാൽ എന്ത്?

മദ്ബഹായുടെ വടക്കുവശത്തുള്ള ചമയപ്പുര, കാസാക്കൂട്ടം, വിരിക്കൂട്ടം, കാപ്പ ഇവ വയ്ക്കാൻ.

339. മാമോദീസാ മുറി എവിടെ സ്ഥാപിക്കുന്നു ?

മദ്ബഹായുടെ തെക്കുവശത്ത്,

340. മണിമാളികകൾ പണിയുന്നതെന്തിന് ?

ദൂരത്തുള്ളവർക്ക് കേൾക്കുന്നതിനും, പള്ളിയകത്തുള്ളവർക്കു ശബ്ദം അധികം അനുഭവപ്പെടാതിരിക്കാനും ആണ് ഉയരമുള്ള മണിമാളികകൾ പണിയുന്നത്.

341. നമ്മുടെ സഭ കുർബാനയ്ക്കുപയോഗിക്കുന്ന അപ്പം ?

പുളിപ്പുള്ള അപ്പം (ഹമീറോ)

342. വി.കുർബാനയപ്പവും, മന്നായും തമ്മിൽ സാദൃശ്യപ്പെടുന്നതെങ്ങനെ?

അതതു ദിവസത്തെ മന്നാ അതതു ദിവസം ഉപയോഗിക്കണം എന്നതുപോലെ, അതതു ദിവസം തന്നെ കുർബാനയ്ക്കുള്ള അപ്പം ചുട്ടെടുത്ത് ഉപയോഗിക്കണം.

343. കുർബാനയപ്പം ഉണ്ടാക്കുവാനാവശ്യമായ സാധനങ്ങളും ഉപകരണങ്ങളും ഏവ?

ഗോതമ്പുപൊടി, അതു സൂക്ഷിക്കുവാൻ ഒരു ഗ്ലാസ്ഭരണി, കുഴയ്ക്കുന്നതിനുള്ള ഒരു പരന്ന പാത്രം, മാവുകുഴച്ചു സൂക്ഷിക്കുന്നതിനും പുളിപ്പു സൂക്ഷിക്കുന്നതിനുമായി ഒരു പാത്രം. ഒരു ചട്ടുകം, ഒരു ചെറിയ ചട്ടുകം, പന്ത്രണ്ടു കുരിശുകളോടുകൂടിയ ഒരു അച്ച്, സൈത്ത് കുപ്പി, വിളയിച്ച ഉപ്പു വയ്ക്കുന്ന പാത്രം.

344. കുർബാനയപ്പം ഉണ്ടാക്കുന്ന രീതി?

ഗോതമ്പുപൊടി വെള്ളത്തിലിട്ട് പുളിപ്പും ഉപ്പും ചേർത്ത് തള്ളവിരൽകൊണ്ട് ശക്തിയായി സമ്മർദ്ദം ചെലുത്തി പല പ്രാവശ്യം കുഴയ്ക്കണം. ഒരു ചെറുനാരങ്ങയുടെ വലിപ്പത്തിൽ മിനുസമായി ഉരുട്ടിയ മാവ് ഒരപ്പത്തിന് മതിയാകും. പാത്രത്തിൽവച്ച് 8 മണിക്കൂറിനുശേഷം എടുത്ത് അടിച്ചു കാച്ചുന്നു. കുറച്ചു മാവ് പുളിപ്പിനായി മാററി വയ്ക്കുന്നു. മാവ് അച്ചിൽ പരത്തി ചട്ടുകത്തിന്റെ മദ്ധ്യത്തിലേക്ക് കുത്തുന്നു. അപ്പത്തിൻമേൽ കുരിശാകൃതിയിൽ അഞ്ചു കുത്തുകൾ ഇടുന്നു. ചട്ടുകം തീയിൻമേൽ പിടിച്ച് അപ്പം വേവിക്കുന്നു.



345. വീഞ്ഞ് ഇല്ലാതെ വന്നാൽ എന്ത് ചെയ്യും?

കുറെ മുന്തിരിങ്ങ എടുത്ത് പൊടിയും കരടും കളഞ്ഞു കഴുകി ഒരു സ്പടിക പാത്രത്തിൽ ഇട്ട് മുന്തിരിങ്ങായുടെ നിരപ്പിനു വെള്ളം ഒഴിച്ച് പിഴിഞ്ഞ് ഊററി വൃത്തിയാക്കിയെടുത്ത് കുപ്പിയിലാക്കി സൂക്ഷിക്കണം.

346. കുർബാനചൊല്ലുന്ന പട്ടക്കാരൻ എങ്ങനെയെല്ലാം ഒരുങ്ങണം?

തലേ ദിവസം സന്ധ്യാപ്രാർത്ഥനയ്ക്ക് കാനോനിക നമസ്കാരത്തിനു പുറമേ, ധ്യാനപ്രാർത്ഥനകൾ, അനുതാപത്തിന്റെ ഏഴ് മസുമൂറുകൾ, പിറേറ ദിവസത്തെ വേദവായനകൾ ഇവ ചൊല്ലുന്നു. ഒരു ലഘുപ്രസംഗം നടത്താനും തയ്യാറെടുക്കണം. ഗൗരവതരമായ കുററങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ കുമ്പസാരിക്കണം. സൂത്താറയ്ക്കുശേഷം കുർബാന കഴിഞ്ഞ് കഴിക്കുന്നതുവരെ ഒരു ബന്ധനത്തിൽ കഴിയുന്നതുപോലെയായിരിക്കണം. ഇതിന് തലേ ദിവസം പള്ളിയിൽത്തന്നെ താമസിക്കുന്നത് ഉത്തമമാണ്.

347. ശുശ്രൂഷകനു വേണ്ട ഗുണങ്ങളേവ?

ശുശ്രൂഷകൻ ദൈവഭക്തിക്കും സൽസ്വഭാവത്തിനും സാക്ഷ്യം ലഭിച്ചവനും, വായന, പാട്ട് മുതലായവയിൽ സമർത്ഥനും വിശ്വാസാചാരങ്ങൾ അറിയുന്നവനും ആയിരിക്കണം.

348. ശുശ്രൂഷകന്റെ ചുമതലകളേവ?

മദ്ബഹാ, പള്ളിപരിസരങ്ങൾ ഇവ വൃത്തിയായി സൂക്ഷിക്കണം. ശുശ്രൂഷകൾ സംബന്ധിച്ച ക്രമീകരണങ്ങൾ ചെയ്യണം. പട്ടക്കാരന്റെ ഇടവക പ്രവർത്തനങ്ങളിൽ സഹായിയായിരിക്കണം.

## വേഷവിധാനം

349. ശുശ്രൂഷകന്റെ വേഷവിധാനം?

കാൽകുപ്പായത്തിനും ഉടുപ്പിനും പുറമേ ശുശ്രൂഷ കുപ്പായവും ധരിക്കുന്നു.

350. ശെമ്മാശൻ മാരുടെ വേഷവിധാനം?

കാൽക്കുപ്പായത്തിനും വെള്ളക്കുപ്പായത്തിനും പുറമേ നമസ്കാര സമയങ്ങളിൽ, കറുത്ത കുപ്പായവും, ശുശ്രൂഷകളുടെയും കുർബാനയുടെയും സമയത്ത് ശുശ്രൂഷ കുപ്പായവും സ്ഥാനമനുസരിച്ച് ഊറാറയും ധരിക്കുന്നു. നമ്മുടെ നാട്ടിലെ രീതിയനുസരിച്ച് തൊപ്പിയും വയ്ക്കുന്നു.

351. കശീശൻമാരുടെ വേഷവിധാനം?

കാൽക്കുപ്പായം, വെള്ളക്കുപ്പായം, തൊപ്പി എന്നിവ സാധാരണ വേഷം. നമസ്ക്കാര സമയങ്ങളിൽ കറുത്ത കുപ്പായം ധരിക്കുന്നു. ശുശ്രൂഷകളിൽ സംബന്ധിക്കുമ്പോൾ ഇവയ്ക്കുപുറമെ ഹമനീ

ഖായും, ശുശ്രൂഷകളിലോ കുർബാനയിലോ കാർമ്മികത്വം വഹിക്കുമ്പോൾ ഇവയ്ക്കെല്ലാം പുറമേ ചെരുപ്പ്, ശുശ്രൂഷക്കുപ്പായം, ഇടക്കെട്ട്, കയ്യുറകൾ, കാപ്പ ഇവയും ധരിക്കുന്നു.

352. ദയറാക്കാരുടെ വേഷവിധാനം?

വെള്ളക്കുപ്പായത്തിനു പുറമേ കറുത്ത കുപ്പായവും, പുറംകുപ്പായവും. ചെരുപ്പുകളും, മസനപ്സായും ധരിക്കുന്നു. കശീശൻമാരാണെങ്കിൽ തൊപ്പിവേണം.

353. കോറെപ്പിസ്ക്കോപ്പൻമാരുടെ വേഷവിധാനം?

വെള്ളക്കുപ്പായവും, തൊപ്പിയും. കറുത്ത കുപ്പായവും, വയലററു നിറത്തിലുള്ള ഇടക്കെട്ടും അതിനുമുകളിൽ പുറംകുപ്പായവും ധരിക്കുന്നു. കുർബാനയിൽ കശീശൻമാരുടെ വേഷത്തിനു പുറമേ കഴുത്തിനു ചുററുമായി പ്രത്യേക വസ്ത്രം ധരിക്കുന്നു.

354. മേൽപട്ടക്കാരുടെ വേഷവിധാനം?

വെള്ളക്കുപ്പായത്തിനു പുറമേ മാന്തളിർ പട്ടുകുപ്പായവും ഇടക്കെട്ടും, പുറം കുപ്പായവും, മസനപ്സായും, മുടിയും, കുരിശുമാലയും, സ്ളീബായും അംശവടിയും ശുശ്രൂഷാസമയത്ത് വേണം. ശുശ്രൂഷകളിലും കുർബാനയിലും കാർമ്മികനായിരിക്കുമ്പോൾ കാപ്പയും, മസ്നപ്സായുടെ മുകളിൽ ശീലമുടിയും, കഴുത്തിൻെറ മുമ്പിലും പിമ്പിലും കിടക്കുന്ന പത്രസീനും ഉപയോഗിക്കുന്നു.

## വി. കുർബാന

355. മദ്ബഹായിലേക്ക് കയറുന്നത് ഏതു വശത്തു കൂടി?

തെക്കുവശത്തു കൂടി

356. തബ്ലൈത്താമേൽ കാസാപീലാസകൾ വയ്ക്കുന്നതെങ്ങനെ?

കിഴക്കുഭാഗത്ത് കാസായും, കാസായുടെ പടിഞ്ഞാറുഭാഗത്ത് പീലാസയും വയ്ക്കണം. പീലാസയുടെ മൂടിയുടെ അടിയിൽ കൗക്ബാ വേണം.

357. എസ്പൂഗോയും മററും ത്രോണോസിൽ എവിടെ വയ്ക്കുന്നു?

തബ്ലൈത്തായുടെ വടക്കുഭാഗത്ത്

358. അപ്പവീഞ്ഞുകൾ ക്രമീകരിക്കുന്നതെങ്ങനെ?

ദർഗ്ഗായിൽ കയറി കാസാപീലാസകളുടെ മൂടികൾ മാററുന്നു. ശുശ്രൂഷക്കാരൻ കൊണ്ടുവരുന്ന അപ്പം എടുത്ത് അതിനായുള്ള പ്രത്യേക പ്രാർത്ഥനകളോടുകൂടി കുരിശാകൃതിയിൽ വരച്ച് പീലാസയിൽ വയ്ക്കുന്നു. ശുശ്രൂഷക്കാരൻ വീഞ്ഞ് കൊണ്ടുവരികയും പട്ടക്കാരൻ അത് കുരിശാകൃതിയിൽ കാസായിൽ ഒഴിക്കുകയും ചെയ്യുന്നു. സമം വെള്ളവും ഒഴിക്കുന്നു.



359. കുർബ്ബാനയിൽ കാർമ്മികവസ്ത്രങ്ങൾ ധരിക്കുന്നതെപ്പോൾ?

ഒന്നാം ശുശ്രൂഷ്ക്കുശേഷം രണ്ടാം ശുശ്രൂഷ തുടങ്ങുന്നതിന് മുമ്പായിട്ട് കാർമ്മികവസ്ത്രങ്ങൾ ധരിക്കുന്നു.

360. കാർമ്മികവസ്ത്രധാരണം നടത്തുന്നതെങ്ങനെ?

മദ്ബഹായുടെ വടക്കുവശത്തുനിന്നോ, (Vestry) യിൽവച്ചോ കാർമ്മികവസ്ത്രധാരണം ചെയ്യാം. ഓരോ വസ്ത്രത്തിനും പ്രത്യേകം, പ്രത്യേകം പ്രാർത്ഥനകൾ നടത്തി കുരിശ് വരച്ച് അവ ധരിക്കുന്നു.

361. പൊതുവായ അനുസ്മരണ പ്രാർത്ഥന നടത്തുന്നതെങ്ങനെ?

വലതുകൈയ്യിൽ പീലാസായും ഇടതുകൈയ്യിൽ കാസായും എടുത്ത് വലതുകൈ ഇടതുകൈയ്യുടെ മുകളിൽ പിടിച്ച് പൊതുവായ അനുസ്മരണ പ്രാർത്ഥന നടത്തുന്നു. മശിഹായുടെ രക്ഷണ്യ പ്രവർത്തികളെയും, പൂർവ്വീക പിതാക്കൻമാരേയും, ആദേവാലയ നിർമ്മാണത്തിൽ പങ്കുകൊണ്ടവരേയും, പട്ടക്കാരനോട് ബന്ധപ്പെട്ടവർ എന്നിവരെയെല്ലാം ഓർത്തു പ്രാർത്ഥിക്കുന്നു.

362. പ്രത്യേക അനുസ്മരണ നടത്തുന്നതാർക്കുവേണ്ടി?

ദൈവമാതാവിൻെറയോ, പരിശുദ്ധൻമാരുടെയോ മദ്ധ്യസ്ഥത ആരെങ്കിലും പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്കുവേണ്ടി അനുസ്മരണം നടത്താം. ഏററവും ഒടുവിൽ കാർമ്മികൻെറ മാതാപിതാക്കൻമാർ, ഗുരുക്കൻമാർ, സഹോദരങ്ങൾ എന്നിവർക്കുവേണ്ടിയും പ്രത്യേകാനുസ്മരണം നടത്തുന്നു.

363. ശുശ്രൂഷക്കാരും ശെമ്മാശ്ശൻമാരും ധൂപം വീശുന്നതെങ്ങനെ?

ഇടതുകൈ നെഞ്ചോട് ചേർത്തുപിടിച്ച് വീശുന്നു.

364. പട്ടക്കാരോ, മേല്പട്ടക്കാരോ, ധൂപം വീശുന്നതെങ്ങനെ?

ഇടതുകൈ മലർത്തിപ്പിടിച്ച് ധൂപം വീശണം.

365. വി. കുർബാന അർപ്പിക്കണമെന്നുള്ള ദിവസങ്ങൾ?

ഞായറാഴ്ചയും മാറാനായപ്പെരുന്നാളുകളും.

366. പടവിമേൽ കയറുകയും ഇറങ്ങുകയും ചെയ്യുമ്പോൾ ഓർക്കേണ്ട സംഗതി?

ത്രോണോസിൻെറ നടുവിൽ, മുത്തണം.

367. ശീലക്കൂട്ടം ത്രോണോസിൽ കിടക്കുമ്പോൾ ദർഗ്ഗായിൽ കയറുന്ന പൗരോഹിത്യസ്ഥാനികൾ ഓർക്കേണ്ട സംഗതി?

തബ്ലൈത്താ പലകയുടെ ഇടത്തും വലത്തും നടുവിലും മുത്തണം.

368. സ്പർഹായേ എന്നാലെന്ത്?

പേരെഴുതുന്ന ജീവൻെറ പുസ്തകം.

369. ധൂപം വീശുമ്പോൾ ഓർക്കേണ്ട സംഗതി?

പട്ടക്കാർക്ക് മൂന്നുപ്രാവശ്യവും താഴെയുള്ളവർക്ക് ഒരു പ്രാവശ്യവും മേലുള്ളവർക്ക് ആറുപ്രാവശ്യവും ധൂപം വയ്ക്കണം.

370. മാർയാക്കോബിൻെറ ക്രമം ചൊല്ലേണ്ട അവസരം ?

പുത്തൻ കുർബാന അർപ്പിക്കുമ്പോഴും, മാറാനായ ദിവസങ്ങളിലും, പട്ടം കൊടയ്ക്കും, ഒരു പള്ളിയിൽ ആദ്യം കുർബാന ചൊല്ലുമ്പോഴും.

371. വി കുർബാനയുടെ ഏററവും പ്രാധാന്യമേറിയ പ്രാർത്ഥന?

ബാറെക്ഉകാ ദേശ് പ്രാർത്ഥന

372. കൈമുത്തുന്നതിൻെറ പാരമ്പര്യം എന്ത്?

മാർതോമ്മാ ശ്ലീഹാ കർത്താവിൻെറ വിലാപ്പുറത്ത് കയ്യ്, ഇട്ടതിനുശേഷം വരുമ്പോൾ കർത്താവിനെ സ്പർശിച്ച കൈ മററുള്ളവർ മുത്തി ബഹുമാനിച്ചതുപോലെ വി. കുർബാനയെ സ്പർശിച്ച കൈമുത്തി ബഹുമാനിക്കുന്നു.

373. കൂദാശകളുടെ പൂർത്തീകരണമാകുന്ന കൂദാശ?

വി. കുർബാന

374. വി. കുർബാനയുടെ ക്രമീകരണം എങ്ങനെ?

മശിഹായുടെ ശിഷ്യൻമാർ യഹൂദ മതപ്രകാരമുള്ള ആരാധനകളുടെ ക്രമങ്ങളും അനുഷ്ഠാനങ്ങളും അനുസരിച്ച്, മശിഹായുടെ പെസഹാ യാഗത്തിന് തുടർച്ചയായി, പാപപരിഹാര പ്രാർത്ഥനയും സ്തോത്രാർപ്പണ ബലിയും എവുക്കാറിസ്ത്യായുടെ കണ്ടിപ്പും അനുഭവവും പാപമോചന പ്രാർത്ഥനയും കൃതജ്ഞതാ പ്രകടനവും ഉൾപ്പെടുത്തി, മശിഹായുടെ മനുഷ്യാവതാര വ്യാപാരങ്ങളെയും രണ്ടാമത്തെ വരവിനേയും അനുസ്മരിക്കത്തക്കവിധം വി. കുർബാന രൂപീകരിക്കുന്നു.

375. ആദ്യ കുർബാന അനുഷ്ഠിച്ചത് എവിടെ?

സെഹിയോൻ മാളികയിൽ

376. തക്സാകളുടെ അടിസ്ഥാന തക്സാ?

വി. യാക്കോബിൻെറ തക്സാ

377. വി. കുർബാനയുടെ വിവിധ പേരുകൾ?

ക്നുശിയോ, ശൗത്തോപ്പൂസൊ, കൂറോബൊ, കുർബോനൊ, റോസോ, ഗ്മീറൂസ്ഗ്മിർവോസോ, എവുക്കാറിസ്ത്യാ, ദെബഹോ, വിശുദ്ധ സംസർഗ്ഗം, അപ്പംമുറിക്കൽ; തിരുവത്താഴം, മാസ്സ്.

378. ക്നുശിയോ എന്ത്?

കൂടിവരവ്, ദൈവത്തിൽ നിന്നു ഭിന്നിച്ചു കിടക്കുന്ന ജീവിതം വി. കുർബാനമൂലം ദൈവവുമായുള്ള ഐക്യതയിലേക്ക് കൊണ്ടു വരപ്പെടുന്നു.

379. ശൗത്തോപ്പൂസൊ എന്ത്?

സംബന്ധം

മശിഹായുടെ തിരുശരീരരക്തങ്ങളിൽ നാം സംബന്ധപ്പെടുന്നതുമൂലം മശിഹായോടുള്ള ബന്ധം ഉണ്ടാകുന്നു.



380. കൂറോബൊ എന്ത്?

അർപ്പണം, അടുപ്പം.

വി. കുർബാനയിൽദൂരസ്ഥരും, സമീപസ്ഥരും, സ്വർഗ്ഗീയരും, ഭൗമികരും, ജീവനുള്ളവരും, വാങ്ങിപ്പോയവരും തമ്മിൽ വരുന്നു.

381 കുർബോനൊ എന്ത്?

കാഴ്ചയർപ്പണം.

നമ്മുടെ പാപങ്ങൾക്കുവേണ്ടി സ്കീപ്പായിൽ, പിതാവായ ദൈവത്തിനു ബലിയായി അർപ്പിക്കപ്പെട്ടു.

382. റോസോ എന്ത്?

രഹസ്യം.

ശ്ലീഹൻമാർക്ക് രഹസ്യമായി മാളികയിൽവച്ച് ഭരമേൽപ്പിച്ചു കൊടുത്തു. അപ്പവീഞ്ഞുകളിൽ സംഭവിക്കുന്ന വ്യത്യാസം രഹസ്യമായി നടക്കുന്നു. ദൈവത്തിൻെറ നിഗൂഢ സമിതിയിൽ ചേരുന്നു.

383. വിശുദ്ധ സംസർഗ്ഗം എന്ത്?

ക്രിസ്തുവുമായും തന്നാൽ രക്ഷിക്കപ്പെട്ടവരായി സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലരുമായും ഐക്യതയെ സൂചിപ്പിക്കുന്നതിനാൽ വിശുദ്ധ സംസർഗ്ഗം എന്നു വിളിക്കുന്നു.

384. അപ്പം മുറിക്കൽ എന്ത്?

വി. കുർബാനയ്ക്കുള്ള ഏററവും പഴയ പേരാണിത്. (Breaking the bread) അപ്പ: പ്ര: 2:42.

385. തിരുവത്താഴം എന്ത്?

ആതിഥേയനായി വർത്തിച്ചു. സ്വർഗ്ഗീയ ആഹാരത്താൽ നമ്മെ പോഷിപ്പിക്കുന്ന ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തെ കുറിക്കുന്നതിനാൽ ഈ പേരുണ്ടായി.

386. മാസ് എന്നാൽ എന്ത്?

ലത്തീൻ ശുശ്രൂഷയുടെ ''നിങ്ങളെ പോകുവാൻ അനുവദിച്ചിരിക്കുന്നു'' എന്നർത്ഥമുള്ള Ite missa est എന്ന വാക്യത്തിൻെറ ആദ്യപദങ്ങളിൽ നിന്നാണ് ഈ വാക്കുണ്ടായിരുന്നത്.

387. ഗ്മീറൂസ്ഗ്മിർവോസൊ?

പൂർണ്ണതകളുടെ പൂർണ്ണത

വി. കുർബാന കൂടാതെ ഒരു കൂദാശയും പൂർണതപ്പെടുന്നില്ല.

388. എവുക്കാറിസ്ത്യാ എന്ത്?

സ്തോത്രയാഗം

ദൈവം മനുഷ്യവർഗ്ഗത്തിന് തന്നിട്ടുള്ള രക്ഷയ്ക്കും അനുഗ്രഹങ്ങൾക്കുമായി കൃതജ്ഞതയും സ്തോത്രവും സമർപ്പിക്കുന്നത് വി. കുർബാനയിൽ കൂടെയാണ്.

389. ദെബഹൊ എന്ത്?

ബലി

കർത്താവ് സെഹിയോനിൽ വച്ച് പിതാവായ ദൈവത്തിന് സ്വയം സമർപ്പിച്ച പരമബലിയുടെ തുടർച്ചയാണ്.

390. വി. മദ്ബഹായിൽ എത്ര ബലിപീഠം ഉണ്ട്?
രണ്ട്.

391. ഏതെല്ലാം?
അവതരിച്ച വചനത്തിന്റെ ബലിപീഠമാകുന്ന ത്രോണോസും അരൂപംചെയ്ത വചനത്തിന്റെ ബലിപീഠമാകുന്ന ഏവൻഗേലി മേശയും.

392. വി. കുർബാനയിൽ മെഴുകുതിരി പിടിച്ചിരിക്കുന്ന ശുശ്രൂഷകൻ ആരെ അനുസ്മരിപ്പിക്കുന്നു.
വി. യോഹന്നാൻ സ്നാപകനെ.

393. ധൂപകലശം വാഴ്ത്തൽ എന്തിനെ അനുസ്മരിപ്പിക്കുന്നു?
വി. ത്രിത്വം വെളിപ്പെട്ടതിനെ (പിതാവിന്റെ പുത്രസ്വീകാര്യവും പുത്രന്റെ മാമ്മോദീസായും പരിശുദ്ധാത്മാവ് പുത്രന്റെ മേൽ ആവസിക്കുന്നതും)

394. ധൂപകലശം വാഴ്ത്തിയതിനുശേഷം പട്ടക്കാരൻ ധൂപാർപ്പണം നടത്തുന്നത് എന്തിനെ അനുസ്മരിപ്പിക്കുന്നു?
മശിഹായുടെ പരസ്യശുശ്രൂഷയുടെ ആരംഭം.

395. വിശ്വാസപ്രമാണത്തിലെ പ്രധാന ആശയങ്ങൾ?
1) പിതാവായ ദൈവത്തിലുള്ള വിശ്വാസം.
2) പുത്രൻതമ്പുരാന്റെ മനുഷ്യാവതാരം, രണ്ടാമത്തെ വരവ്, ന്യായവിധി മുതലായവയുടെ വിശ്വാസം.
3) പരിശുദ്ധാത്മാവിലുള്ള വിശ്വാസം.
4) വിശുദ്ധമറിയം ദൈവമാതാവാണെന്ന വിശ്വാസം.
5) പരിശുദ്ധസഭയിൽ ഉള്ള വിശ്വാസം.
6) പരിശുദ്ധ കൂദാശകളിലുള്ള വിശ്വാസം.
7) മരിച്ചവരുടെ പുനരുദ്ധാനത്തിൽ ഉള്ള വിശ്വസം.
8) വരുവാനിരിക്കുന്ന പുതിയ ജീവനിൽ ഉള്ള വിശ്വാസം.

396. വി. കുർബാനയിൽ പട്ടക്കാരൻ കൈകഴുകുന്നത് എന്തിനെ അനുസ്മരിപ്പിക്കുന്നു?
പെസഹാ വിരുന്നിനു മുമ്പായി മശിഹാ ശിഷ്യൻമാരുടെ കാലുകളെ കഴുകിത്തുടച്ചതിനെ അനുസ്മരിപ്പിക്കുകയും, പട്ടക്കാരൻ ഭൗതികമായ എല്ലാ മാലിന്യങ്ങളും മാനസികമായുള്ള അഴുക്കുകളും കഴുകിത്തുടച്ച് വെടിപ്പാക്കപ്പെട്ടവനായി, മശിഹായുടെ പ്രതിനിധിയായി വി. രഹസ്യങ്ങളിലേക്കു പ്രവേശിക്കുന്നതിനേയും സൂചിപ്പിക്കുന്നു,



397. വി. കുർബാനയുടെ വിവിധ ഭാഗങ്ങൾ ഏതെല്ലാം?
1. തൂയോബൊ എന്ന രഹസ്യ ഒരുക്കശുശ്രൂഷ
2. പരസ്യമായ ഭാഗം
3. രഹസ്യമായ സമാപന ശുശ്രൂഷ

398 തുയോബൊയുടെ രണ്ടു ശുശ്രൂഷകൾ?
1 മൽക്കി സദേക്കിന്റെ ശുശ്രൂഷ
2. അഹറോന്റെ ശുശ്രൂഷ

399. മൽക്കിസദേക്കിന്റെ ശുശ്രൂഷയെന്താണ്?
അപ്പവീഞ്ഞുകളെ സമർപ്പിക്കുന്ന ശുശ്രൂഷയാണ്.

400. അഹറോന്റെ ശുശ്രൂഷയിലെ ഭാഗങ്ങൾ?
1. ദൈവത്തിന്റെ കാവലിനായുള്ള പ്രാർത്ഥന
2. സമർപ്പണ പ്രാർത്ഥന
3. മദ്ധ്യസ്ഥ പ്രാർത്ഥനകൾ
4. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയ്ക്കുള്ള അപേക്ഷ

401. മദ്ധ്യസ്ഥ പ്രാർത്ഥനയുടെ പ്രത്യേകത?
കാസാപീലാസാകൾ വഹിച്ചുകൊണ്ടും ധൂപം അണച്ചുകൊണ്ടും മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തുന്നു.

402. തൂയോബോയിൽ ജനത്തിനു സ്ഥാനം ഉണ്ടോ?
പട്ടക്കാരൻ രഹസ്യമായി നടത്തുന്ന ഒരു ശുശ്രൂഷയാണിതെങ്കിലും തൂയോർബായ്ക്കു മുമ്പ് ജനത്തിന്റെ പ്രാർത്ഥന പട്ടക്കാരൻ ആവശ്യപ്പെടുന്നു.

403. വി. കുർബാനയുടെ പരസ്യമായ ഭാഗത്തെ എത്രയായിതിരിക്കാം?
രണ്ടായി

404. ഏതെല്ലാം?
1. പ്രാരംഭ ശുശ്രൂഷ
2. വി. കുർബാന

405. പ്രാരംഭ ശുശ്രൂഷയിലെ ഭാഗങ്ങൾ ഏവ?
പ്രാരംഭം, വചനശുശ്രൂഷ, ധൂപാർപ്പണ ശുശ്രൂഷ.

406. സുവിശേഷങ്ങൾ ലേഖനങ്ങൾക്കുശേഷം വായിക്കുവാൻ (ബർസ്ലീബി)എന്തു കാരണം പറയുന്നു?
സുവിശേഷങ്ങൾ ലേഖനങ്ങൾക്കുശേഷം എഴുതിയതിനാൽ.

407. സെദറാകളുടെ ഭാഗങ്ങൾ ഏവ?
ആദ്യഭാഗം ദൈവസ്തുതികളും രണ്ടാംഭാഗം അപേക്ഷയും

408. സെദറാകൾ ഉള്ള ഏകഭാഷ?
സുറിയാനി.

409. ധൂപാർപ്പണ ശുശ്രൂഷയിലെ ഭാഗങ്ങൾ ഏവ?
ഹൂസോയൊ പ്രാർത്ഥന, സെദറ, ധൂപക്കുററി വാഴ്ത്തൽ